നമ്പർ സി3/2573/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 26/04/2022

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്കും അതിന്റെ യൂണിറ്റിലേക്കും സീനിയർ ക്ലാർക്ക് എന്നീ തസ്തികയിലെ ജീവനക്കാരുടെ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്

സൂചന : 22/04/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കുറിപ്പ് ഉത്തരവ്.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്കും അതിന്റെ യൂണിറ്റുകളിലേയ്ക്കും (പരീക്ഷാ ഭവൻ, ടെക്സ്റ്റ്ബുക്ക് ഓഫീസ്) അടിയന്തിര സാഹചര്യങ്ങളിൽ നിയമിക്കാനായി സ്ഥലംമാറ്റം ആവശ്യമുള്ള ജില്ലകളിൽ നിന്നുമുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത ജീവനക്കാർ അപേക്ഷ ഓഫീസ് മേധാവി ശുപാർശ ചെയ്ത് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് 28/04/2022 നകം സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ പ്രസ്തുത അപേക്ഷകൾ ശേഖരിച്ച് ശുപാർശയോട് കൂടി 30/04/2022 ന് വൈകുന്നേരം അഞ്ചു മണിക്കകം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ പ്രത്യേക ദൂതൻ/ഇ-മെയിൽ (supdtc.dge@kerala.gov.in) മുഖേന എത്തിക്കേണ്ടതാണ്. കൂടാതെ ഇതോടൊപ്പം ഉള്ള ഗൂഗിൾ ഫോം കൂടി സമയബന്ധിതമായി പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

വകുപ്പുതല അച്ചടക്ക നടപടി നേരിടുന്ന ജീവനക്കാരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ലഭിക്കുന്ന അപേക്ഷകളിൽ സീനിയർ ക്ലാർക്കിനായിരിക്കും മുൻഗണന. അവരുടെ അഭാവത്തിൽ മാത്രമേ ക്ലർക്ക് തസ്തികയിലുള്ള ജീവനക്കാരെ പരിഗണിക്കുകയുള്ളൂ. ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്താത്തതും ജീവനക്കാർ നേരിട്ട് നൽകുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ് :

1) പൊതുവിദ്യാഭ്യാസ ഡയറക്ടർ (സി.എ മുഖേന)
2) പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയക്ടർ (ജനറൽ & അക്കാദമിക്) (സി.എ മുഖേന)
3) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(3–5: താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ഓഫീസുകളിലും, സ്കൂളുകളിലും ടി സർക്കുലർ ലഭിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.)

6) എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
7) എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട ഡി.ഡി.ഇ./ഡി.ഇ.ഒ/എ.ഇ.ഒ. മുഖേന)
8) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9) കരുതൽ ഫയൽ

| പൊതുവിദ്യാഭ്യാസ വകുപ്പ്<br>ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലേയ്ക്കും അതിന്റെ യൂണിറ്റിലേയ്ക്കുമുള്ള സ്ഥലംമാറ്റ അപേക്ഷ | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | ഉദ്യോഗപ്പേര് | |
| 3 | പെൻ | |
| 4 | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | |
| 5 | ജില്ല | |
| 6 | ക്ലാർക്ക് തസ്തികയിൽ പ്രവേശിച്ച തീയതി | |
| 7 | സീനിയർ ക്ലാർക്കായി പ്രമോഷൻ ലഭിച്ച തീയതി | |
| 8 | ഇപ്പോഴത്തെ ജില്ലയിൽ സീനിയർ ക്ലാർക്കായി ഏത് തീയതി മുതൽ ജോലി ചെയ്ത് വരുന്നു | |
| 9 | നിലവിൽ അച്ചടക്ക നടപടി നേരിടുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ | |
| 10 | ഇപ്പോഴത്തെ സ്ഥാപനത്തിൽ തുടരുന്നത് ശിക്ഷണ നടപടിയുടെ ഭാഗമായിട്ടാണോ, ആയതിന്റെ വിശദാംശങ്ങൾ | |
| 11 | ഓഫീസ് മേലധികാരിയുടെ ശുപാർശ | |

## സത്യപ്രസ്താവന

ശ്രീ/ശ്രീമതി ...................................................................................... മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിക്കുകയും അവ ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു.

വിദ്യാഭ്യാസ ഉപഡയറക്ടർ